LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സഹകരണ സംഘങ്ങൾ വഴി വിദ്യാഭ്യാസ വായ്പയും സ്വയംതൊഴിൽ വായ്പയും

95 (4086) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാനത്തെ സംസ്ഥാന/ജില്ലാ/പ്രാഥമിക സഹകരണ സംഘങ്ങൾ വഴി എത്ര രൂപ വിദ്യാഭ്യാസ വായ്പയായും എത്ര രൂപ സ്വയം തൊഴിൽ വായ്പയായും അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാനത്തെ സംസ്ഥാന/ജില്ല/പ്രാഥമിക സഹകരണ സംഘങ്ങൾവഴി ചുവടെ പട്ടികയിൽ പറയുംപ്രകാരം വിദ്യാഭ്യാസ വായ്പയും സ്വയംതൊഴിൽ വായ്പയും അനുവദിച്ചിട്ടുണ്ട് :

(തുക ലക്ഷത്തിൽ)

ബാങ്ക്	വിദ്യാഭ്യാസ വായ്പ	സ്വയംതൊഴിൽ വായ്പ
സംസ്ഥാന സഹകരണ ബാങ്ക്	311.24	29.00
ജില്ലാ സഹകരണ ബാങ്കുകൾ	573.19	382.85
പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ	271.39	1142.55
ആകെ	1155.82	1554.40

ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പിന്റെ സർക്കുലർ

96 (4087) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ എന്ന ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പ് പുറപ്പെടുവിച്ച 2/2012-ാം നമ്പർ സർക്കുലർ സംസ്ഥാനത്തെ എത്ര അപ്പെക്സ്, ജില്ലാ, പ്രൈമറി സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരം നൽകാമോ ;